(ബി) ആശുപത്രി വികസന സമിതികളാണോ സർക്കാരാണോ ഇത്തരം സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളത്;

(സി) സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഇത്തരം സ്വകാര്യ പാരാമെഡിക്കൽ സമ്പ്രദായം അവസാനിപ്പിച്ച് ഗവൺമെന്റ് നേരിട്ട് നടത്തുന്ന രീതി ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക നിലവിലില്ലാത്ത പഞ്ചായത്തുകൾ

55 [5910] പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക നിലവിലില്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക നിലവിലില്ലാത്ത പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

ഡ്യൂട്ടിയിൽ വീഴ്ച കാണിച്ച മെഡിക്കൽ ഓഫീസർ (ഇൻ-ചാർജ്ജ്)ക്കെതിരെ നടപടി

56 [5916] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി-പെരുനാട് സി. എച്ച്. സി.-യിലെ കറന്റ് ചാർജ്ജും ടെലിഫോൺ ബില്ലും അടയ്ക്കുവാൻ എം. ഒ. (ഇൻ-ചാർജ്ജ്) എത്ര രൂപ, എന്നാണ് റാന്നി ബ്ലോക്ക് പഞ്ചായത്തിൽനിന്നും കൈപ്പറ്റിയത്;

(ബി) പണമടയ്ക്കാതിരുന്നതുമൂലം ടെലിഫോൺ, വൈദ്യുതി എന്നിവ കട്ട് ചെയ്തിട്ട് എത്ര നാളായി;

(സി) നിരുത്തരവാദപരമായി ഡ്യൂട്ടി ചെയ്യാതിരുന്നവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് നിലവിലുള്ള നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ഡി) എങ്കിൽ ഡ്യൂട്ടിയിൽ വീഴ്ച വരുത്തിയ എം.ഒ. (ഇൻ-ചാർജ്)ക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly